# ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ


## കുത്തിവയ്പ്പിനുള്ള, ചർമ്മത്തിനടിയിലൂടെയുള്ള ഉപയോഗത്തിനായുള്ള റസ്ഫെർടൈഡ് (പിടിജി-300)

ഈ "ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ" പിടിജി-300 എങ്ങനെ തയ്യാറാക്കാമെന്നും കുത്തിവയ്ക്കാമെന്നുമുള്ള വിവരങ്ങൾ അടങ്ങിയിരിക്കുന്നു. പിടിജി-300 എങ്ങനെ തയ്യാറാക്കാം കൂടാതെ/അല്ലെങ്കിൽ കുത്തിവയ്ക്കണം എന്നതിനെക്കുറിച്ച് നിങ്ങൾക്ക് ചോദ്യങ്ങൾ ഉണ്ടെങ്കിൽ, ദയവായി നിങ്ങളുടെ ക്ലിനിക്കൽ സൈറ്റിനെ ബന്ധപ്പെടുക.

## പിടിജി-300 കുത്തിവയ്ക്കുന്നതിന് മുമ്പ് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതായ പ്രധാന വിവരങ്ങൾ

- **പിടിജി-300 തയ്യാറാക്കാനും കുത്തിവയ്ക്കാനും തുടങ്ങുന്നതിന് മുമ്പ് താഴെ കൊടുത്തിരിക്കുന്ന ഉപയോഗത്തിനായുള്ള എല്ലാ നിർദ്ദേശങ്ങളും വായിക്കുക.**
- മരുന്ന് കിറ്റിനൊപ്പം നൽകിയിരിക്കുന്ന സാധനങ്ങൾ മാത്രം ഉപയോഗിക്കുക.
- കിറ്റ് കാലഹരണപ്പെട്ടതാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും സാധനങ്ങൾ തുറന്നതോ കേടുപാടുകൾ സംഭവിച്ചതോ ആണെങ്കിൽ അല്ലെങ്കിൽ കാണാനില്ലെങ്കിൽ **ഉപയോഗിക്കരുത്.** ക്ലിനിക്കൽ സൈറ്റുമായി ബന്ധപ്പെടുക.
- അന്തഃരീക്ഷ ഊഷ്മാവിലേയ്ക്ക് ചൂടാകാൻ അനുവദിക്കുന്നതിനായി, തയ്യാറാക്കാൻ നിങ്ങൾ ആരംഭിക്കുന്നതിന് കുറഞ്ഞത് 15 മിനിറ്റെങ്കിലും മുമ്പ് കിറ്റ് റഫ്രിജറേറ്ററിൽ നിന്ന് പുറത്തെടുക്കുക.
- നിങ്ങൾ ഓരോ തവണ കുത്തിവയ്ക്കുമ്പോഴും നിങ്ങളുടെ മരുന്ന് കിറ്റിന് പുറമെ നിങ്ങൾക്ക് ഒരു ഷാർപ്പ് കണ്ടെയ്നർ (ക്ലിനിക്കൽ സൈറ്റ് നൽകിയത്) ആവശ്യമാണ്.
- വയലുകളുടെ മുകളിലെ ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പറിൽ നിങ്ങൾ കൈകൊണ്ട് **തൊടരുത്.**
- സിറിഞ്ചിന്റെ അഗ്രം അല്ലെങ്കിൽ സൂചി നിങ്ങളുടെ കൈകളിലോ ഏതെങ്കിലും പ്രതലത്തിലോ സ്പർശിക്കാൻ **അനുവദിക്കരുത്.**
- ചർമ്മത്തിനടിയിലുള്ള കുത്തിവയ്പ്പിനായി മാത്രം (ചർമ്മത്തിന് തൊട്ടുതാഴെയുള്ള കൊഴുപ്പടങ്ങിയ പാളിയിലേയ്ക്ക് നേരിട്ട് കുത്തിവയ്ക്കുക).
- സുരക്ഷിതമായ കൈകാര്യം ചെയ്യൽ ഉൾപ്പെടെ, കിറ്റിൽ നിന്നുള്ള സാധനങ്ങൾ എങ്ങനെ ശരിയായവിധം ഡിസ്പോസ് ചെയ്യാം അല്ലെങ്കിൽ തിരികെ നൽകാം എന്നതിനെക്കുറിച്ചുള്ള റസ്ഫെർടൈഡ് (പിടിജി-300) ഡിസ്പോസിംഗ് എന്ന സെക്ഷൻ റഫർ ചെയ്യുക.

## ഉപയോഗിക്കുന്നതിന് മുമ്പ് പിടിജി-300 സൂക്ഷിക്കൽ




ചിത്രം എ

- പിടിജി-300 കിറ്റ് റഫ്രിജറേറ്ററിൽ സൂക്ഷിക്കുക (2°C മുതൽ 8°C വരെ/36°F മുതൽ 46°F വരെ) (ചിത്രം എ).
- ഫ്രീസ് **ചെയ്യരുത്.**
- **കുട്ടികൾക്ക് എത്താത്തിടത്ത് സൂക്ഷിച്ചുവയ്ക്കുക.**

## ഘട്ടം 1: ആരംഭിക്കുന്നു

### 1.1



ചിത്രം ബി

- നിങ്ങൾ ഡോസ് തയ്യാറാക്കാൻ തുടങ്ങുന്നതിന് കുറഞ്ഞത് 15 മിനിറ്റെങ്കിലും മുമ്പ് റഫ്രിജറേറ്ററിൽ നിന്ന് കിറ്റ് പുറത്തെടുക്കുക (ചിത്രം ബി).
- വൃത്തിയുള്ള പരന്ന പ്രതലത്തിൽ വയ്ക്കുക, അന്തഃരീക്ഷ ഊഷ്മാവിലേയ്ക്ക് ചൂടാകാൻ അനുവദിക്കുന്നതിനായി, **കുറഞ്ഞത് 15 മിനിറ്റെങ്കിലും അത് അവിടെത്തന്നെ ഇരിക്കാൻ അനുവദിക്കുക.**

### 1.2



ചിത്രം സി

- സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ കഴുകുക (ചിത്രം സി).


### 1.3




ചിത്രം ഡി

- കിറ്റിന്റെ കാർട്ടണിന്റെ പുറത്തുള്ള **കാലഹരണ തീയതി** പരിശോധിക്കുക (ചിത്രം ഡി).
- സാധനങ്ങൾ തുറന്നിട്ടുണ്ടോ, കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ അല്ലെങ്കിൽ കാണാതായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- കിറ്റ് കാലഹരണപ്പെട്ടതാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും സാധനങ്ങൾ തുറന്നതോ കേടുപാടുകൾ സംഭവിച്ചതോ ആണെങ്കിൽ അല്ലെങ്കിൽ കാണാനില്ലെങ്കിൽ ഉപയോഗിക്കരുത്. ക്ലിനിക്കൽ സൈറ്റുമായി ബന്ധപ്പെടുക.

### 1.4




ചിത്രം ഇ

- കിറ്റിൽനിന്ന് സാധനങ്ങൾ പുറത്തെടുത്ത് (ചിത്രം ഇ) വൃത്തിയുള്ള പരന്ന പ്രതലത്തിൽ അവ വയ്ക്കുക.

**കുറിപ്പ്:** കിറ്റിൽ വരുന്ന സാധനങ്ങൾക്ക് പുറമേ, നിങ്ങൾക്ക് ഒരു ഷാർപ്പ് കണ്ടെയ്നറും ആവശ്യമാണ്




**ഷാർപ്പ് കണ്ടെയ്നർ**
(വെവ്വേറെ നൽകിയിരിക്കുന്നു)

ചിത്രം എഫ്

## ഘട്ടം 2: ഡൈലൂവന്റ് സിറിഞ്ച് തയ്യാറാക്കൽ

*അടുത്ത പേജിൽ തുടരുന്നു*

### 2.1



ചിത്രം ജി

- നേർപ്പിക്കൽ വയലിൽ നിന്ന് നീല അടപ്പ് എടുക്കുക (ചിത്രം ജി).

### 2.2




ചിത്രം എച്ച്

- നേർപ്പിക്കൽ വയലിന്റെ മുകളിലെ ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പർ ആൽക്കഹോൾ സ്വാബ് ഉപയോഗിച്ച് വൃത്തിയാക്കുക (ചിത്രം എച്ച്). ഉപയോഗിച്ച സ്വാബ് കളയുക.

വൃത്തിയാക്കിയ ശേഷം വയലിന്റെ മുകളിലെ ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പറിൽ നിങ്ങളുടെ കൈകൊണ്ട് **തൊടരുത്.**

### 2.3




ചിത്രം ഐ

- ഒരു വയൽ അഡാപ്റ്റർ അതിന്റെ പായ്ക്കേജിൽ നിന്ന് എടുക്കുക (ചിത്രം ഐ).

അഡാപ്റ്ററിന്റെ മുനയിൽ **തൊടരുത്.**

### 2.4




ചിത്രം ജെ

- വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൻമേൽ വയൽ പിടിച്ചുകൊണ്ട്, വയലിന്റെ അഡാപ്റ്റർ വയലിന്റെ മുകളിൽ നേരെ താഴേയ്ക്ക് തള്ളിക്കൊണ്ട് വയലിന്റെ അഡാപ്റ്റർ നേർപ്പിക്കൽ വയലിലേയ്ക്ക് പിടിപ്പിക്കുക (ചിത്രം ജെ).

**കുറിപ്പ്:** വയലിന്റെ അഡാപ്റ്ററിലെ മുന ചാരനിറമുള്ള റബ്ബർ സ്റ്റോപ്പറിലൂടെ തുളച്ച് കടന്നിരിക്കണം.

**2.5**




ചിത്രം കെ

- ഒരു കൈകൊണ്ട് വയൽ അഡാപ്റ്റർ പിടിച്ച് ക്ലിയറായ വയൽ അഡാപ്റ്റർ അടപ്പ് നീക്കം ചെയ്യുക, അടപ്പ് ഉയർന്ന് മാറുന്നതു വരെ മറ്റേ കൈകൊണ്ട് എതിർ ഘടികാരദിശയിൽ/ഇടത്തോട്ട് അത് അൺസ്ക്രൂ ചെയ്യുക (ചിത്രം കെ). വയൽ അഡാപ്റ്ററിന്റെ അടപ്പ് കളയുക.

വയൽ അഡാപ്റ്ററിന്റെ അഗ്രത്തിൽ **തൊടരുത്.**

**2.6**




ചിത്രം എൽ

- സിറിഞ്ച് അതിന്റെ പായ്ക്കേജിൽ നിന്ന് പുറത്തെടുക്കുക (ചിത്രം എൽ).

സിറിഞ്ചിന്റെ മുന നിങ്ങളുടെ കൈകളിലോ ഏതെങ്കിലും പ്രതലത്തിലോ സ്പർശിക്കാൻ **അനുവദിക്കരുത്.**

**2.7**




ചിത്രം എം

- വൃത്തിയുള്ള പരന്ന പ്രതലത്തിൻമേൽ വയൽ പിടിച്ചുകൊണ്ട്, നിങ്ങൾക്ക് പ്രതിരോധം അനുഭവപ്പെടുന്നതുവരെ സിറിഞ്ച് വയലിന്റെ അഡാപ്റ്ററിലേയ്ക്ക് ഘടികാരദിശയിൽ/വലത്തേയ്ക്ക് തിരിച്ച് സ്ക്രൂ ചെയ്തുകൊണ്ട്, നേർപ്പിക്കൽ വയലിന്റെ അഡാപ്റ്ററിലേയ്ക്ക് സിറിഞ്ച് പിടിപ്പിക്കുക (ചിത്രം എം).

അമിതമായി **മുറുക്കരുത്.**


**2.8**



ചിത്രം എൻ

- നേർപ്പിക്കൽ വയൽ ഇപ്പോൾ മുകളിലായിരിക്കത്തക്കവിധം തലകീഴായി തിരിക്കുക (ചിത്രം എൻ).

**2.9**



ചിത്രം ഒ

- പ്ലഞ്ചർ സാവധാനം താഴേയ്ക്ക് വലിച്ചുകൊണ്ട് മുഴുവൻ ലിക്വിഡ് ഡൈലൂവന്റുകളും സിറിഞ്ചിലേയ്ക്ക് വലിച്ചെടുക്കുക.
- സിറിഞ്ചിലേയ്ക്ക് അൽപ്പം വായു കൂടെ വലിച്ചെടുത്താൽപ്പോലും നിങ്ങളെക്കൊണ്ട് സാധിക്കുന്നത്ര ദ്രാവകം വലിച്ചെടുക്കുക (ചിത്രം ഒ).

ഏതാനും തുള്ളി ദ്രാവകം വയലിനുള്ളിൽ അവശേഷിക്കുന്നത് സ്വാഭാവികമാണ്. എന്നിരുന്നാലും, നിങ്ങളെക്കൊണ്ട് സാധിക്കുന്നത്ര ദ്രാവകം നിങ്ങൾ സിറിഞ്ചിലേയ്ക്ക് വലിച്ചെടുക്കണം.

സിറിഞ്ചിൽനിന്ന് പ്ലഞ്ചർ പുറത്തേയ്ക്ക് **വലിച്ചെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.**

**2.10**





ചിത്രം പി

- ഒരു കൈകൊണ്ട് സിറിഞ്ച് പിടിക്കുമ്പോൾത്തന്നെ, വയലിന്റെ അഡാപ്റ്ററിൽ പിടിച്ച് വയലിന്റെ അസംബ്ലി (വയലും വയലിന്റെ അഡാപ്റ്ററും), നിറച്ച സിറിഞ്ചിൽ നിന്ന് വിപരീത ഘടികാരദിശയിൽ/ഇടത്തേയ്ക്ക് വലിച്ച്തിരിച്ച് അഴിച്ചെടുക്കുക (ചിത്രം പി).

ഉപയോഗിച്ച വയൽ **വലിച്ചെറിയരുത്.** ഉപയോഗിച്ച വയലുകൾ, ഘടിപ്പിച്ച അഡാപ്റ്ററുകൾ സഹിതം, ക്ലിനിക്കൽ സൈറ്റിൽ തിരികെ നൽകണം.

**2.11**




ചിത്രം ക്യൂ

- നിറച്ച സിറിഞ്ച് വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ മാറ്റിവയ്ക്കുക. നിങ്ങളുടെ കൈകളിലോ ഏതെങ്കിലും പ്രതലത്തിലോ സിറിഞ്ചിന്റെ മുന സ്പർശിക്കുന്നത് തടയുക (ചിത്രം ക്യൂ).

## ഘട്ടം 3: റസ്ഫെർട്ടൈഡ് (പിടിജി-300) സിറിഞ്ച് തയ്യാറാക്കൽ

*അടുത്ത പേജിൽ തുടരുന്നു*

**3.1**




ചിത്രം ആർ

- പിടിജി-300 മരുന്നിന്റെ വയലിന്റെ വശം വെളിച്ചത്തുവരാൻ ലേബൽ പൊളിക്കുക, അങ്ങനെ നിങ്ങൾക്ക് വയലിനുള്ളിലുള്ളത് കാണാനാകും (ചിത്രം ആർ).

ലേബൽ മുഴുവനായും പൊളിച്ചു **കളയരുത്.**

**3.2**



ചിത്രം എസ്

- പിടിജി-300 മരുന്നിന്റെ വയലിൽനിന്ന് വെളുത്ത അടപ്പ് നീക്കം ചെയ്യുക (ചിത്രം എസ്).

**3.3**




ചിത്രം ടി

- പിടിജി-300 മരുന്നിന്റെ വയലിന്റെ മുകളിലെ ചാരനിറമുള്ള റബ്ബർ സ്റ്റോപ്പർ ഒരു പുതിയ ആൽക്കഹോൾ സ്വാബ് ഉപയോഗിച്ച് വൃത്തിയാക്കുക (ചിത്രം ടി). ഉപയോഗിച്ച സ്വാബ് കളയുക.

വൃത്തിയാക്കിയ ശേഷം വയലിന്റെ മുകളിലെ ചാരനിറമുള്ള റബ്ബർ സ്റ്റോപ്പറിൽ നിങ്ങൾ കൈകൊണ്ട് **തൊടരുത്.**

**3.4**





ചിത്രം യു

- മറ്റേ വയൽ അഡാപ്റ്റർ അതിന്റെ പായ്ക്കേജിൽ നിന്ന് എടുക്കുക (ചിത്രം യു).

അഡാപ്റ്റർ മുനയിൽ **തൊടരുത്.**

**3.5**






ചിത്രം വി

- വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ വയൽ പിടിച്ചുകൊണ്ട്, വയലിന്റെ അഡാപ്റ്റർ വയലിന്റെ മുകളിൽ നേരെ താഴേയ്ക്ക് തള്ളിക്കൊണ്ട് വയലിന്റെ അഡാപ്റ്റർ മരുന്ന് വയലിലേയ്ക്ക് പിടിപ്പിക്കുക (ചിത്രം വി).

**കുറിപ്പ്:** വയലിന്റെ അഡാപ്റ്ററിലെ മുന ചാരനിറമുള്ള റബ്ബർ സ്റ്റോപ്പറിലൂടെ തുളച്ച് കടന്നിരിക്കണം.

# ഘട്ടം 3: റസ്ഫെർട്ടൈഡ് (പിടിജി-300) സിറിഞ്ച് തയ്യാറാക്കൽ *(തുടർച്ച)*

## 3.6




ചിത്രം ഡബ്ല്യു

- ഒരു കൈകൊണ്ട് വയൽ അഡാപ്റ്റർ പിടിച്ച് ക്ലിയറായ വയൽ അഡാപ്റ്റർ അടപ്പ് നീക്കം ചെയ്യുക, അടപ്പ് ഉയർന്ന് മാറുന്നതുവരെ മറ്റേ കൈകൊണ്ട് എതിർ ഘടികാരദിശയിൽ/ഇടത്തോട്ട് അത് അൺസ്ക്രൂ ചെയ്യുക (ചിത്രം ഡബ്ല്യു). വയൽ അഡാപ്റ്ററിന്റെ അടപ്പ് കളയുക.

വയൽ അഡാപ്റ്ററിന്റെ അഗ്രത്തിൽ **തൊടരുത്.**

## 3.7




ചിത്രം എക്സ്

- വൃത്തിയുള്ള ഒരു പരന്ന ഉപരിതലത്തിൽ വയൽ പിടിച്ചുകൊണ്ട്, നിങ്ങൾക്ക് പ്രതിരോധം അനുഭവപ്പെടുന്നതുവരെ സിറിഞ്ച് വയലിന്റെ അഡാപ്റ്ററിലേയ്ക്ക് ഘടികാരദിശയിൽ/ വലത്തേയ്ക്ക് തിരിച്ച് സ്ക്രൂ ചെയ്തുകൊണ്ട്, പിടിജി-300 വയലിന്റെ അഡാപ്റ്ററിലേയ്ക്ക് ഡൈലൂവന്റ് അടങ്ങിയ സിറിഞ്ച് പിടിപ്പിക്കുക (ചിത്രം എക്സ്).

അമിതമായി **മുറുക്കരുത്**


## 3.8



ചിത്രം വൈ

- പൂർണ്ണമായി താഴ്ത്തുന്നതുവരെ സിറിഞ്ച് പ്ലഞ്ചറിൽ **സാവധാനം** താഴേയ്ക്ക് അമർത്തിക്കൊണ്ട് മരുന്നിന്റെ വയലിലേയ്ക്ക് ഡൈലൂവന്റ് കുത്തിവയ്ക്കുക (ചിത്രം വൈ).

## 3.9



60 സെക്കൻഡ് സാവധാനം ചുഴറ്റുക

ചിത്രം സെഡ്

- **കുറഞ്ഞത് 60 സെക്കൻഡ്** മരുന്നിന്റെ വയൽ സാവധാനം മിതമായി ചുഴറ്റിക്കൊണ്ട് ഡൈലൂവന്റും മരുന്നും കൂട്ടിക്കലർത്തുക (ചിത്രം സെഡ്). മരുന്നിന് ഒരു പതഞ്ഞ രൂപമുണ്ടാകാം.

**കുലുക്കരുത്.**

**കുറിപ്പ്:** മരുന്ന് കലർത്തി 4 മണിക്കൂറിനകം അത് കുത്തിവയ്ക്കുക.

## 3.10


**വയൽ 60 സെക്കൻഡ് അങ്ങനെതന്നെയിരിക്കാൻ അനുവദിക്കുക**



ചിത്രം എഎ

- വയൽ വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ സജ്ജീകരിക്കുക, ദ്രാവകം സ്ഥിരപ്പെടാനും പത പോകാനും അനുവദിക്കാനായി **കുറഞ്ഞത് 60 സെക്കൻഡ് അത് അങ്ങനെതന്നെയിരിക്കാൻ അനുവദിക്കുക** (ചിത്രം എഎ).

## 3.11




ചിത്രം എബി

- ദ്രാവകം ഒരിക്കൽ സ്ഥിരപ്പെട്ട് കഴിഞ്ഞാൽ, ദ്രാവകം പരിശോധിക്കുക (ചിത്രം എബി). അത് നേരിയ പതയോടെ വ്യക്തവും നിറമില്ലാത്തതും ദൃശ്യമായ കണങ്ങളിൽ നിന്ന് മുക്തവുമായിരിക്കണം.

ദ്രാവകം നിറമുള്ളതായി അല്ലെങ്കിൽ കണികകൾ ഉള്ളതായി കാണുന്നുവെങ്കിൽ വയൽ **ഉപയോഗിക്കരുത്.**


## 3.12



ചിത്രം എസി

- തലകീഴായി തിരിക്കുക, അങ്ങനെ പിടിജി-300 മരുന്നിന്റെ വയൽ ഇപ്പോൾ മുകളിലാകുന്നു (ചിത്രം എസി).

## 3.13



ചിത്രം എഡി

- പ്ലഞ്ചർ സാവധാനം താഴേയ്ക്ക് വലിച്ചുകൊണ്ട് കൂട്ടിക്കലർത്തിയ മുഴുവൻ മരുന്നും സിറിഞ്ചിലേയ്ക്ക് വലിച്ചെടുക്കുക (ചിത്രം എഡി). ഏതാനും തുള്ളി ദ്രാവകം കുപ്പിയിൽ അവശേഷിക്കുന്നത് സ്വാഭാവികമാണ്.


സിറിഞ്ചിൽനിന്ന് പ്ലഞ്ചർ പുറത്തേയ്ക്ക് **വലിച്ചെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.**

**കുറിപ്പ്:** വലിയ അളവിൽ വായു കാണുകയാണെങ്കിൽ, സിറിഞ്ചിൽ ദ്രാവകം മാത്രം നിറയുന്ന വിധത്തിൽ വായു സാവധാനം വയലിലേയ്ക്ക് തിരികെ തള്ളുക.

*അടുത്ത പേജിൽ തുടരുന്നു*

## 3.14

**വയലിന്റെ അസംബ്ലി നീക്കം ചെയ്യാൻ അഡാപ്റ്ററിൽ മുറുകെ പിടിക്കുക**




ചിത്രം എജ

- ഒരു കൈകൊണ്ട് സിറിഞ്ച് പിടിക്കുമ്പോൾത്തന്നെ, വയലിന്റെ അഡാപ്റ്ററിൽ പിടിച്ച് വയലിന്റെ അസംബ്ലി (വയലും വയലിന്റെ അഡാപ്റ്ററും) നിറച്ച സിറിഞ്ചിൽ നിന്ന് വിപരീത ഘടികാരദിശയിൽ/ഇടത്തേയ്ക്ക് തിരിച്ച് അഴിച്ചെടുക്കുക (ചിത്രം എജ).

ഉപയോഗിച്ച വയൽ **വലിച്ചെറിയരുത്.** ഉപയോഗിച്ച വയലുകൾ, പിടിപ്പിച്ച അഡാപ്റ്ററുകൾ സഹിതം ക്ലിനിക്കൽ സൈറ്റിൽ തിരികെ കൊടുക്കുക.


## 3.15



ചിത്രം എഎഫ്

- നിറച്ച സിറിഞ്ച് വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ വെവ്വേറെ മാറ്റിവയ്ക്കുക. നിങ്ങളുടെ കൈകളിലോ ഏതെങ്കിലും പ്രതലത്തിലോ സിറിഞ്ചിന്റെ മുന സ്പർശിക്കുന്നത് ഒഴിവാക്കുക (ചിത്രം എഎഫ്).

## 3.16




ചിത്രം എജി

- •പായ്ക്കേജിംഗിൽ നിന്ന് സൂചി പുറത്തെടുക്കുക (ചിത്രം എജി).

സൂചിയുടെ താഴെ/തുറന്ന അറ്റത്ത് **തൊടരുത്.**


## 3.17



ചിത്രം എഎച്ച്

- ഒരു കൈയ്യിൽ സിറിഞ്ച് പിടിച്ച്, നിങ്ങൾക്ക് പ്രതിരോധം അനുഭവപ്പെടുന്നതുവരെ സൂചി സിറിഞ്ചിലേയ്ക്ക് ഘടികാരദിശയിൽ/വലത്തേയ്ക്ക് തിരിച്ചുകൊണ്ട് സ്ക്രൂ ചെയ്യുക (ചിത്രം എഎച്ച്).

## 3.18




ചിത്രം എഐ

- തയ്യാറാക്കിയ സിറിഞ്ച് വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ മാറ്റിവെക്കുക (ചിത്രം എഐ).

## ഘട്ടം 4: കുത്തിവയ്ക്കാനുള്ള സ്ഥാനം തയ്യാറാക്കൽ

### 4.1

മുൻവശത്തുനിന്നുള്ള കാഴ്ച




ചിത്രം എജെ

- ഇനി പറയുന്ന ശുപാർശ ചെയ്തിരിക്കുന്ന കുത്തിവയ്പ്പ് സ്ഥാനങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുക (ചിത്രം എജെ):
  - **ഉദരം** (പൊക്കിളിൽ [ബെല്ലി ബട്ടൺ] നിന്ന് കുറഞ്ഞത് 2 ഇഞ്ച് അകലെ)
  - **തുടയുടെ മദ്ധ്യഭാഗം**
  - നിങ്ങൾ കുത്തിവയ്പ്പ് തയ്യാറാക്കുകയും നൽകുകയും ചെയ്യുന്ന ഒരു പരിചരണദാതാവ് ആണെങ്കിൽ, രോഗിയുടെ കൈയ്യുടെ മുകളിലെ പുറംഭാഗവും ആവശ്യമെങ്കിൽ നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

ചർമ്മം മൃദുവോ ക്ഷതമുള്ളതോ ചുവന്നതോ അസ്വസ്ഥതയുള്ളതോ കടുപ്പമായതോ പൊട്ടിയതോ ആയ ഒരു സ്ഥാനം **തിരഞ്ഞെടുക്കരുത്.**

ഒരേ സ്ഥലത്ത് തുടർച്ചയായി രണ്ടു തവണ **കുത്തിവയ്ക്കരുത്.** കുത്തിവയ്പ്പു സ്ഥാനങ്ങൾ മാറ്റിക്കൊണ്ടിരിക്കുക. നിങ്ങളുടെ കുത്തിവയ്പ്പ് സ്ഥാനങ്ങൾ ആവശ്യമെങ്കിൽ എഴുതിവെയ്ക്കുക അല്ലെങ്കിൽ ലോഗ് ചെയ്യുക.

### 4.2




ചിത്രം എകെ

- ഒരു പുതിയ ആൽക്കഹോൾ സ്വാബ് ഉപയോഗിച്ച് തിരഞ്ഞെടുത്ത കുത്തിവയ്പ്പ് സ്ഥാനം വൃത്തിയാക്കുക (ചിത്രം എകെ). ഉപയോഗിച്ച സ്വാബ് കളയുക.
- വായുവിൽ ഉണങ്ങാൻ അനുവദിക്കുക.

## ഘട്ടം 5: റസ്ഫെർട്ടൈഡ് (പിടിജി-300) കുത്തിവയ്ക്കൽ


### 5.1



ചിത്രം എഎൽ

- പിങ്ക് സൂചിയുടെ ഷീൽഡ് പിന്നിലേയ്ക്ക് വലിക്കുക (ചിത്രം എഎൽ).


### 5.2



ചിത്രം എഎം

- ഒരു കൈകൊണ്ട് സിറിഞ്ച് പിടിച്ച്, മറ്റേ കൈകൊണ്ട് **അടപ്പ് മുറുകെ നേരെ വലിച്ചൂരിക്കൊണ്ട്** സൂചിയുടെ അടപ്പ് നീക്കം ചെയ്യുക (ചിത്രം എഎം).
- നിങ്ങൾക്ക് സൂചി ഉടക്കാതിരിക്കാൻ നിങ്ങൾ അടപ്പ് വലിച്ചെടുക്കുമ്പോൾ സൂചിയിൽ നിന്ന് നിങ്ങളുടെ കൈ അകലേയ്ക്ക് നീക്കുക.


### 5.3



ചിത്രം എഎൻ

- ആവശ്യമെങ്കിൽ സിറിഞ്ചിൽനിന്ന് വായു നീക്കം ചെയ്യുക (ചിത്രം എഎൻ). ഇത് ചെയ്യുന്നതിനായി:
  - സൂചിയുടെ അറ്റം നേരെ മുകളിലേയ്ക്ക് ചൂണ്ടി സിറിഞ്ച് പിടിക്കുക.
  - വായു അല്ലെങ്കിൽ കുമിളകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെ സിറിഞ്ചിന്റെ അഗ്രത്തിലേയ്ക്ക് നീക്കാൻ സിറിഞ്ചിൽ തട്ടുക.
  - വായു അല്ലെങ്കിൽ കുമിളകൾ നീക്കം ചെയ്യാനായി സിറിഞ്ചിന്റെ പ്ലഞ്ചർ സാവധാനം ശ്രദ്ധാപൂർവ്വം തള്ളുക. സൂചിയുടെ അറ്റത്ത് ദ്രാവകം ദൃശ്യമാകുമ്പോൾ തള്ളുന്നത് നിർത്തുക.
  - 1 മുതൽ 2 തുള്ളി വരെയുള്ള ദ്രാവകത്തിൽ കൂടുതൽ പുറന്തള്ളരുത്. ഒരു ചെറിയ വായു വിടവ്/കുമിള സിറിഞ്ചിൽ അവശേഷിക്കുന്നതിൽ കുഴപ്പമില്ല.


### 5.4



ചിത്രം എഒ

- കുത്തിവയ്ക്കുന്ന സ്ഥാനത്തെ ചർമ്മം നുള്ളിപ്പിടിക്കാൻ ഒരു കൈ ഉപയോഗിക്കുക (ചിത്രം എഒ). ചർമ്മത്തിന് തൊട്ടുതാഴെയുള്ള ഫാറ്റി ടിഷ്യുവിലേയ്ക്ക് സൂചി കടത്താൻ ഇത് നിങ്ങളെ അനുവദിക്കുന്നു.


### 5.5




ചിത്രം എപി

- നുള്ളിപ്പിടിച്ച ചർമ്മത്തിലേയ്ക്ക് 45-90 ഡിഗ്രി ആംഗിളിൽ സൂചി കടത്തുക (ചിത്രം എപി).
- അതിനുശേഷം നുള്ളിപ്പിടിച്ച ചർമ്മം വിടുക.

### 5.6




ചിത്രം എക്യു

- മുഴുവൻ പിടിജി-300 മരുന്നും കുത്തിവയ്ക്കാൻ പ്ലഞ്ചർ സാവധാനം തള്ളുക (ചിത്രം എക്യു).
- മുഴുവൻ ദ്രാവകവും ഒരിക്കൽ കുത്തിവെച്ച് കഴിഞ്ഞാൽ, സൂചിയും സിറിഞ്ചും നിങ്ങൾ അത് കടത്തിയ അതേ ആംഗിളിൽ ചർമ്മത്തിൽനിന്ന് പുറത്തെടുക്കുക.

## ഘട്ടം 6: റസ്ഫെർട്ടൈഡ് (പിടിജി-300) ഡിസ്പോസ് ചെയ്യൽ


### 6.1



ചിത്രം എആർ

- പിങ്ക് സൂചിയുടെ ഷീൽഡ് സൂചിയുടെ മുകളിലൂടെ യഥാസ്ഥാനത്തേയ്ക്ക് നീങ്ങി സൂചി മൂടുന്നതുവരെ അത് ശ്രദ്ധാപൂർവ്വം തള്ളുക (ചിത്രം എആർ).

### 6.2



ചിത്രം എഎസ്


- ഉപയോഗിച്ച സിറിഞ്ച് ഉടൻതന്നെ ഷാർപ്പ് കണ്ടെയ്നറിൽ വയ്ക്കുക (ചിത്രം എഎസ്).

  സൂചിയും സിറിഞ്ചും നിങ്ങളുടെ വീട്ടിലെ ചവറ്റുകുട്ടയിലേയ്ക്ക് **വലിച്ചെറിയരുത്.**

  സൂചിയും സിറിഞ്ചും വീണ്ടും ഉപയോഗിക്കരുത്.

  ഷാർപ്പ് കണ്ടെയ്നർ എപ്പോഴും കുട്ടികൾക്ക് എത്താത്തിടത്ത് സൂക്ഷിക്കുക.

### 6.3




ചിത്രം എടി

- **ഉപയോഗിച്ച രണ്ട് വയലുകളും, പിടിപ്പിച്ച അഡാപ്റ്ററുകൾ സഹിതം ക്ലിനിക്കൽ സൈറ്റിൽ തിരികെ നൽകുക** (ചിത്രം എടി).
- **മറ്റ് വസ്തുക്കൾ വീട്ടിലെ ചവറ്റുകുട്ടയിൽ ഇടുക.** ഉപയോഗിച്ച വയലിന്റെ അടപ്പുകൾ, ഉപയോഗിച്ച ആൽക്കഹോൾ സ്വാബുകൾ, തുറന്ന പായ്ക്കേജിംഗ് എന്നിവ വീട്ടിലെ ചവറ്റുകുട്ടയിൽ കളയാവുന്നതാണ്.

## കൂടുതൽ വിവരങ്ങൾ

- **പിടിജി-300 എങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ക്ലിനിക്കൽ സൈറ്റിനെ ബന്ധപ്പെടുക.**